AdA 41756

കേരള സർക്കാർ

നം: 22919/സി2/12/ഐ & പി.ആർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തീയതി, 19/09/2012

പ്രേക്ഷിതൻ

ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

ഗ്രാഹകൻ

ഡയറക്ടർ,
ഹയർ സെക്കന്ററി എഡ്യുക്കേഷൻ.,
തിരുവനന്തപുരം.

സർ,

വിഷയം:- ഐ&പി.ആർ.ഡി -ഗാന്ധിജയന്തി വാരാഘോഷം 2012 - പരിപാടികളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്.

.........................

സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 2 മുതൽ 8 വരെ കിഴക്കേകോട്ട ഗാന്ധിപാർക്ക്, പാളയം വി.ജെ.റ്റി ഹാൾ എന്നിവിടങ്ങളിലായി വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി താഴെ പറയുന്ന കാര്യങ്ങളിൽ താങ്കളുടെ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

1. ലോക അഹിംസാദിനമായ ഒക്ടോബർ 2 ന് രാവിലെ 7.30 മുതൽ 9 മണി വരെ കിഴക്കേകോട്ട ഗാന്ധപാർക്കിൽ സർവമതപ്രാർത്ഥന, ഗാന്ധിപ്രതിമയിൽ ഹാരാർപ്പണം, പുഷ്പാർച്ചന എന്നിവ നടക്കും. വിശിഷ്ടാതിഥികൾക്കൊപ്പം വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്. ആയതിലേക്ക് നഗരപ്രദേശത്തു നിന്നുളള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 50 വിദ്യാർത്ഥികളെ വീതം ഗാന്ധി പാർക്കിൽ പങ്കെടുപ്പിക്കേണ്ടതാണ്.

2. ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 2 മുതൽ 8 വരെ തീയതികളിൽ വി.ജെ.റ്റി.ഹാളിൽ രാവിലെ 10.30 മുതൽ 12.30 മണി വരെ വ്യത്യസ്ത വിഷയങ്ങളിൽ സെമിനാറുകൾ നടത്തുന്നുണ്ട്. പങ്കെടുക്കാൻ താല്പര്യമുളള വിദ്യാർത്ഥികളെ സെമിനാറിൽ പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണം നടത്തേണ്ടതാണ്.

ഒക്ടോബർ 5,7 തീയതികളിൽ വൈകുന്നേരം 5 മണി മുതൽ 7 മണി വരെ വി.ജെ.ടി ഹാളിൽ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. താത്പര്യമുളള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ ഓരോ വിഭാഗത്തിലും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങളും എണ്ണവും സംബന്ധിച്ച കാര്യങ്ങൾ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ വിളിച്ചറിയിക്കുവാൻ താത്പര്യപ്പെടുന്നു.
ഡോ.ജേക്കബ് പുളിക്കൻ, ഡയറക്ടർ, ഗാന്ധി സെന്റർ ഫോർ റൂറൽ ഡെവലപ്മെന്റ് നം.9447154338.
ശ്രീ.എസ്.ബാഹുലേയൻനായർ, കൾച്ചറൽ ഡവലപ്മെന്റ് ഓഫീസർ ) ഫോൺ നം. 9496003242

വിശ്വസ്തതയോടെ,
എ. ഫിറോസ്
ഡയറക്ടർ

R Jayasree
സെക്ഷൻ ഓഫീസർ

Endt: R/o AdA, 41756/12 dtd
Forwarded to all principals of Higher Secondary School for Compliance

Sr. AO